ഡി2/13059/2013

സാങ്കേതിക വിദ്യാഭ്യാസ
ഡയറക്റ്ററുടെ കാര്യാലയം
തീയതി : 16/05/2013

## സർക്കുലർ

**വിഷയം:** വിദ്യാഭ്യാസം - സാങ്കേതിക - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - സർക്കാർ പോളിടെക്നിക് കോളേജുകൾ ടെക്നിക്കൽ ഹൈസ്കൂളുകളിലെ യു.പി.എസ്, ഡീസൽ ജനറേറ്റർ, കമ്പ്യൂട്ടറുകൾ എന്നിവയുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗ നിർദേശങ്ങ.ൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

**സൂചന:**

ഈ ഡിപ്പാർട്ടുമെന്റിനു കീഴിലെ സർക്കാർ പോളിടെക്നിക് കോളേജുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നിവയിൽ സംസ്ഥാന സർക്കാർ ഫണ്ടുകൾ,കേന്ദ്രസർക്കാർ ഫണ്ടുകൾ മുതലായവ ഉപയോഗിച്ച് വാങ്ങുന്ന കമ്പ്യൂട്ടറുകൾ, യു.പി.എസ്സുകൾ, ഡീസൽ ജനറേറ്ററുകൾ മുതലായ വിലപിടിപ്പുള്ള മെഷീനുകളും ഉപകരണങ്ങളും പരിപാലിക്കുന്നതിൽ പലസ്ഥാപനങ്ങളും വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് സർക്കാർ മുതലുകൾ അന്യാധീനപ്പെടാൻ സാദ്ധ്യതയുള്ളതിനാലും ടി സാധനങ്ങളുടെ സ്ഥിരം പരിപാലനം നടത്തുന്നതിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ സ്ഥാപന മേലധികാരികളോട് നിർദ്ദേശിക്കുന്നു.

1 കമ്പ്യൂട്ടറുകൾ, യു.പി.എസ്സുകൾ - പരിപാലനം കംപ്യൂട്ടർ ബ്രാഞ്ചുകൾ അല്ലെങ്കിൽ ഇലക്ട്രോണിക്സ് ബ്രാഞ്ചിലെ ട്രേഡ് ഇൻസ്ട്രക്ടർ.

2 ഡീസൽ ജെനറേറ്റർ - ഇലക്ട്രിക്കൽ ബ്രാഞ്ചിലെ ട്രേഡ് ഇൻസ്ട്രക്ടർ/സമാന ബ്രാഞ്ചിലെ ട്രേഡ് ഇൻസ്ട്രക്ടറെ അതാത് സ്ഥാപന മേലധികാരിക്ക് ചുമതലപ്പെടുത്താവുന്നതാണ്.

3. മെക്കാനിക്കൽ വിഭാഗത്തിലെ ലെയ്ത്തുകൾ,മറ്റ് മഷീനറികൾ - മെക്കാനിക്കൽ വിഭാഗത്തിലെ ട്രേഡ് ഇൻസ്ട്രക്ടർമാർ

4. പ്രിന്റിംഗ് മെഷീനുകൾ - പ്രിന്റിംഗ് ബ്രാഞ്ചിലെ ട്രേഡ് ഇൻസ്ട്രക്ടർ മറ്റ് ബ്രാഞ്ചിലെ വിലപിടിപ്പുള്ള ഉപകരണങ്ങൾ അതാതു ബ്രാഞ്ചിലെ ട്രേഡ് ഇൻസ്ട്രക്റ്ററെ ചുമതലപ്പെടുത്തേണ്ടതാണ്.

മേൽ നിർദേശങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ഒപ്പ് /-
**ടി.സാമുവൽ മാത്യു**

**സീനിയർ ജോയിന്റ് ഡയറക്ടർ(പി.എസ്.)**

കോപ്പികൾ

1.സർക്കാർ പോളിടെക്ക്നിക്ക് പ്രിൻസിപ്പൽമാർ

2.ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാർ

3.ഓഫീസ്കോപ്പി / സംഭരണ ഫയൽ

ഉത്തരവിൻപ്രാകാരം / അയക്കുന്നത്
സീനിയർ സൂപ്രണ്ട്

OFFICE OF THE DIRECTOR OF TECHNICAL EDUCATION
KERALA STATE
Thiruvananthapuram
Pin-695 023